4/9/2020
FRIDAY

# MALAYALAM
## [Adisthana Paadavali]

STD - X
Class - 11

### Assignment

1) പണ്ട് പനിച്ചു കിടന്ന കാലത്ത് തനിക്ക് ലഭിച്ച സൂചിപ്രയോഗത്തിന്റെ ഓർമ്മ മകന്റെ ഇന്നത്തെ മാനസികാവസ്ഥക്കെതിരെയുള്ള ഔഷധപ്രയോഗമായി മാറുന്നുണ്ടോ? വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

Ans) പണ്ട് പനിപിടിച്ച് അവശനായ തന്നെയുമെടുത്ത് അമ്മ ആശുപത്രിയിൽ ഓടിക്കിതച്ചു കയറിയതും കുത്തിവെച്ചതുമെല്ലാം അമ്മയെ ഉപേക്ഷിക്കാൻ ജില്ലാ ആശുപത്രിയുടെ പരിസരത്തെത്തിയ മകൻ ഓർക്കുന്നു. അന്നത്തെ കുത്തിവെപ്പിന്റെ നീറ്റൽ പോലെ അയാളുടെ മനസ്സിൽ ഉണ്ടാകുന്നു. അമ്മയോട് ചെയ്യുന്നത് പൊറുക്കാനാവാത്ത തെറ്റാണെന്ന കുറ്റബോധമാണ് മകന്റെ മനസ്സിൽ അന്നത്തെ സൂചിപ്രയോഗത്തിന്റെ പോലുള്ള നീറ്റൽ ഉണ്ടാകുന്നത്.

ആശുപത്രിപരിസരത്ത് അമ്മയെ ഉപേക്ഷിക്കാൻ തുനിഞ്ഞ മകന്റെ മനസ്സിൽ ഭൂതകാലത്തിലെ ചില ഓർമകൾ കടന്നുവരുന്നു. കുട്ടിക്കാലത്ത് പനി കൂടിയതും ആശുപത്രിയുടെ പടികളോരോന്നും അമ്മ മകനെയുമെടുത്ത് കിതച്ചുകൊണ്ട് ഓടിയതും മകൻ ഓർക്കുന്നു. അപ്പോൾ അന്നത്തെ കുത്തിവെപ്പിന്റെ നീറ്റൽപോലെ എന്തോ ഒന്ന് അയാളുടെ മനസ്സിനെ വേദനിപ്പിക്കുന്നു. അതുകൊണ്ട് തനിക്ക് ലഭിച്ച സൂചിപ്രയോഗത്തിന്റെ ഓർമ്മ മകന്റെ ഇന്നത്തെ മാനസികാവസ്ഥക്കെതിരെയുള്ള ഔഷധപ്രയോഗമായി മാറുന്നു.